# പതിമൂന്നാം കേരള നിയമസഭ

## അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 7058 16/07/2012 ൽ മറുപടിക്ക്

## അദ്ധ്യാപികമാരോട് പച്ച ബ്ലൗസ് ധരിച്ച് ഹാജരാകാൻ നിർദ്ദേശിച്ച സംഭവം

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ജയിംസ് മാത്യു: | | | ശ്രീ.പി.കെ. അബ്ദു റബ്ബ് (വിദ്യാഭ്യാസ വകുപ്പു മന്ത്രി) |
| എ) | സർവ്വശിക്ഷാ അഭിയാന്റെ പ്രവർത്തനങ്ങളുടെ ഉത്ഘാടന വേദിയിൽ പച്ച ബ്ലൗസ് ധരിച്ച് ഹാജരാകാൻ അദ്ധ്യാപികമാർക്ക് നിർദ്ദേശം നല്കി ഏതെങ്കിലും ആഫീസർ കത്തയച്ചിട്ടുണ്ടോ ; | എ) | ബി.ആർ.സി.കളിൽ നിന്നും അദ്ധ്യാപികമാർ പച്ച ബ്ലൗസും സെറ്റു സാരിയും ധരിച്ച് സർവ ശിക്ഷാ അഭിയാന്റെ ഈ വർഷത്തെ നിർമ്മാണ പ്രവർത്തനങ്ങളുടെ സംസ്ഥാനതല ഉദ്ഘാടന ചടങ്ങിൽ വരണമെന്ന് എറണാകുളം ജില്ലാ പ്രോജക്ട് ഓഫീസർ നിർദ്ദേശം നൽകിയതായി ആരോപണമുയർന്നിട്ടുണ്ട്. |
| ബി) | എങ്കിൽ ആയതിന്റെ പകർപ്പ് ലഭ്യമാക്കാമോ ; | ബി) | എറണാകുളം ജില്ലാ പ്രോജക്ട് ഓഫീസിൽ നിന്നും നൽകിയതായിപ്പറയുന്ന ഇ-മെയിൽ സന്ദേശത്തിന്റെ പകർപ്പ് അനുബന്ധമായി ചേർക്കുന്നു. |
| സി) | ഇങ്ങനെ നിർദ്ദേശം നല്കിയത് സർക്കാരിന്റെ അറിവോടുകൂടിയാണോ ; | സി) | ഇങ്ങനെ നിർദ്ദേശം നല്കിയത് സർക്കാർ അറിവോടെ അല്ല |
| ഡി) | ഇല്ലെങ്കിൽ ഇക്കാര്യത്തിൽ സ്വീകരിച്ച നടപടി വിശദമാക്കാമോ ? | ഡി) | നിർദ്ദേശം നൽകിയതായിപ്പറയുന്ന ജില്ലാ പ്രോജക്ട് ഓഫീസറുടെ പൂർണ്ണ അധികച്ചുമതല വഹിക്കുന്ന ജില്ലാ പ്രോഗ്രാം ഓഫീസർ ശ്രീ. കെ.എം. അലിയാർ എന്നയാളിനെ അന്വേഷണ വിധേയമായി സർക്കാർ സസ്പെന്റ് ചെയ്തുകൊണ്ടും എസ്.എസ്.എ.യിൽ നിന്നും ഡെപ്യൂട്ടേഷൻ സേവനം അവസാനിപ്പിച്ച് മാതൃ വകുപ്പിലേക്ക് തിരിച്ചയക്കാനും ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. ആരോപണങ്ങളെ സംബന്ധിച്ച് വിശദമായ അന്വേഷണത്തിന് നടപടി ആരംഭിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ

-1-

<u>അറിയിപ്പ്</u>

Sent - 3.45 pm 2.7/2002

ഓരോ ബി ആർ സി യിൽ നിന്നും 4 പേർ സെറ്റ് സാരിയും പച്ച ബ്ലൗസും ധരിച്ച് നിർമ്മാണ പ്രവർത്തനങ്ങളുടെ സംസ്ഥാന തല ഉത്ഘാടന ചടങ്ങിൽ വരണം

ജില്ലാ പ്രോജക്ട് ഓഫീസർ